28
2026
ഒക്ടോബർ
ബുധൻ
തുലാം 11

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 199 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-199 | പേജ് 4. വില 2.00 രൂപ








02 ▶ പാലിയേറ്റീവ് രംഗത്ത് ലോക മാതൃകയായി കേരളം

03 ▶ ലാലീഗ: സെവിയയ്ക്ക് മിന്നും ജയം

04 ▶ ലഹരിക്കച്ചവടത്തിലൂടെ സമ്പാദിച്ചത് ലക്ഷങ്ങൾ; എംഡിഎംഎയും കഞ്ചാവുമായി യുവാവ് പിടിയിൽ


# ഫെസ്റ്റിവൽ ഓഫ് കേരളം നവംബർ ഒന്നിന്

## മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം : സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ അടയാളപ്പെടുത്തുന്ന ഫെസ്റ്റിവൽ ഓഫ് കേരളം 2026 ന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ ഒന്ന് കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം, കലാപാരമ്പര്യം, കായികനേട്ടങ്ങൾ, സാമൂഹിക പുരോഗതി എന്നിവയെ ആഘോഷിക്കുന്ന ഈ പരിപാടി വിവിധ തലമുറകളെയും കലാസാംസ്കാരിക മേഖലകളെയും ഒരുമിപ്പിക്കുന്ന വേദിയാകും.



വൈകിട്ട് നാലിന് ആരംഭിക്കുന്ന ചടങ്ങിൽ മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ സ്വാഗതം ആശംസിക്കും. വിവിധ വകുപ്പ് മന്ത്രിമാർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, സാംസ്കാരിക മേഖലയിലെ വ്യക്തിത്വങ്ങൾ, കലാകാരന്മാർ, കായികതാരങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനങ്ങളിലൂടെ കേരളത്തിന്റെ യശസ്സുയർത്തിയ മലയാളി കായികതാരങ്ങളെ ആദരിക്കും. മലയാളസംഗീതത്തിന്റെ ഏഴ് പതിറ്റാണ്ടുകളായുള്ള പരിണാമയാത്രയും കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ സംഗീതം ചെലുത്തിയ സ്വാധീനവും ആവിഷ്കരിക്കുന്ന 'ഗാനാഞ്ജലി - കേരളത്തിന്റെ ആത്മാവിനുള്ള സംഗീതാർച്ചന' വൈകിട്ട് ആറ് മുതൽ എട്ട് വരെ അരങ്ങേറും.

ഉന്നത വിദ്യാഭ്യാസ വകുപ്പും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയും സംയുക്തമായാണ് ഗാനാഞ്ജലി സംഘടിപ്പിക്കുന്നത്. വൈകിട്ട് എട്ട് മുതൽ ഒൻപത് വരെ സുമ വർമയുടെ നേതൃത്വത്തിൽ പ്രത്യേക ശാസ്ത്രീയ നൃത്താവിഷ്കാരം അരങ്ങേറും.

# ചിത്രാഞ്ജലിയെ അത്യാധുനിക സംവിധാനങ്ങളോടെ നവീകരിക്കും: മന്ത്രി പി സി വിഷ്ണുനാഥ്

മലയാള സിനിമയുടെ അഭിമാന സ്ഥാപനമായ ചിത്രാഞ്ജലി ഫിലിം സ്റ്റുഡിയോയെ പുതിയ കാലഘട്ടത്തിന് അനുയോജ്യമായ സാങ്കേതികത്തികവോടെ സമഗ്രമായി നവീകരിക്കുമെന്നും സ്ഥാപനത്തെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുമെന്നും ടൂറിസം, സാംസ്കാരികം, സിനിമ വകുപ്പ് മന്ത്രി പി. സി വിഷ്ണുനാഥ്. ചിത്രാഞ്ജലി സന്ദർശിച്ച് ഉദ്യോഗസ്ഥരുമായും ജീവനക്കാരുമായും നടത്തിയ കൂടിക്കാഴ്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.



സിനിമ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് ചിത്രാഞ്ജലി സ്റ്റുഡിയോ സന്ദർശിക്കുന്നു

ചിത്രാഞ്ജലിയെ അത്യാധുനിക ഡിജിറ്റൽ പരിഷ്കാരങ്ങൾക്കും സാങ്കേതികവിദ്യകൾക്കും അനുസൃതമായി സജ്ജമാക്കും. ചിത്രാഞ്ജലിയിലുള്ള വിശാലമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി നിർമാണം വേഗത്തിൽ പൂർത്തിയാക്കി സ്ഥാപനത്തെ പൂർണതോതിൽ പ്രവർത്തനസജ്ജമാക്കും. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമാണത്തിലുള്ള തിയേറ്ററുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് വേഗത്തിൽ പരിഹാരം കണ്ടെത്തും. നിലവിലുള്ള തിയേറ്റർ വരുമാനത്തിന് പുറമെ, സ്ഥാപനത്തെ സ്വയംപര്യാപ്തമാക്കാൻ ഉതകുന്ന പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തും. മലയാള സിനിമയിലെ പ്രമുഖർക്കെല്ലാം ചിത്രാഞ്ജലിയുമായി വലിയ വൈകാരിക ബന്ധമാണുള്ളത്. ഈ ബന്ധവും പൊതുജനങ്ങളുടെ പിന്തുണയും ഉപയോഗപ്പെടുത്തി ചലച്ചിത്ര പ്രവർത്തകരെയും പൊതുജനങ്ങളെയും ഒരുപോലെ ആകർഷിക്കുന്ന പ്രമുഖ കേന്ദ്രമാക്കി ചിത്രാഞ്ജലിയെ മാറ്റിയെടുക്കും. ചിത്രാഞ്ജലിയുടെ സമഗ്ര പുരോഗതിക്കായി സർക്കാരിന്റെയും വകുപ്പിന്റെയും പൂർണ ശ്രദ്ധയും സഹായവും ഉണ്ടാകുമെന്നും മന്ത്രി ഉറപ്പുനൽകി. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ പ്രേം കുമാർ, വൈസ് ചെയർമാൻ ആലപ്പി അഷ്റഫ്, മാനേജിംഗ് ഡയറക്ടർ സബിത ബായ് എ എസ്, ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

# വൈദ്യുതി അപകടം തടയാൻ ബോധവത്കരണം അനിവാര്യം: മന്ത്രി സണ്ണി ജോസഫ്

വൈദ്യുതി അപകടം തടയാൻ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം അനിവാര്യമാണെന്ന് വൈദ്യുതി വകുപ്പ് മന്ത്രി സണ്ണി ജോസഫ്. വൈദ്യുത അപകടം ഒഴിവാക്കാനുള്ള ബോധവത്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വാഹന പ്രചരണത്തിന്റെ ഫ്ലാഗ് ഓഫും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസ് പരിസരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

ജനജീവിതത്തെ കൂടുതലായി സ്വാധീനിക്കുന്ന മേഖലയാണ് വൈദ്യുതി. നിത്യജീവിതത്തിൽ അത്യാവശ്യമായിട്ടുള്ള വൈദ്യുതിയുടെ ഉപയോഗം ഫലപ്രദമാക്കാനും അപകടരഹിതമാക്കാനും വൈദ്യുതി വകുപ്പിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനും ഉത്തരവാദിത്വമുണ്ട്. അശ്രദ്ധ കൊണ്ട് ഉണ്ടാകുന്ന വൈദ്യുത അപകടത്തിനെതിരെ ജാഗ്രത പുലർത്തണം.

വൈദ്യുത അപകടം കുറയ്ക്കാനുള്ള മാർഗങ്ങളിലൊന്ന് ബോധവത്കരണമാണ്. അപകടരഹിതമായി വൈദ്യുതി എങ്ങനെ കൈകാര്യം ചെയ്യാനാകും എന്ന് പഠിക്കണം. ഊർജ സംരക്ഷണത്തെക്കുറിച്ച് വിദ്യാർഥികൾക്ക് ഉൾപ്പെടെ ബോധവത്കരണം നൽകണം. വൈദ്യുതിയുടെ അപകടരഹിതമായ ഉപയോഗം, ദുരുപയോഗം തടയൽ എന്നിവയെപ്പറ്റിയും ബോധവത്കരണം ആവശ്യമാണ്. ജനങ്ങളെ ബോധവത്കരിക്കാനുള്ള ഉത്തരവാദിത്വം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിനുണ്ട്.

നിരവധി വാഹന പ്രചാരണജാഥകൾ സംസ്ഥാനത്ത് നടക്കാറുണ്ട്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി ജനജീവിതത്തെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ പരിപാടിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിവിധ സംഘടനകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി ജില്ലകളിലെ രണ്ടു ദിവസത്തെ പര്യടനം ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് മന്ത്രി നിർദേശിച്ചു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആർ രാജേഷ് ബാബു, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കെ പി ജ്യോതിഷ്, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി സുമേഷ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഒ സി അരുൺകുമാർ എന്നിവർ പങ്കെടുത്തു.




വൈദ്യുത തീപിടിത്തം ഒഴിവാക്കാനുള്ള ബോധവത്ക്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വാഹന പ്രചരണത്തിന്റെ ഫൽഗ് ഓഫും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസ് പരിസരത്ത് മന്ത്രി സണ്ണി ജോസഫ് നിർവഹിക്കുന്നു

# 'അർണബ്' അതിശക്തമായി കരയിലേക്ക്

### ഇന്നും ഇടിവെട്ടി മഴപെയ്യും, അഞ്ച് ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കി. മീ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനു മുകളിൽ സ്ഥിതിചെയ്യുന്ന അതിശക്ത ചുഴലിക്കാറ്റ് 'അർണബ്' ഇന്ന് വൈകുന്നേരം വരെ പടിഞ്ഞാറ് - വടക്കു പടിഞ്ഞാറ് ദിശയിൽ നീങ്ങി തുടർന്ന് വടക്കു പടിഞ്ഞാറ് ദിശയിൽ സഞ്ചരിക്കാൻ സാധ്യതയുണ്ട്.

ബുധനാഴ്ച ഉച്ചയ്ക്ക് മുമ്പ് ആന്ധ്രാപ്രദേശ് - യാനം തീരങ്ങൾക്കിടയിലൂടെ, ബാപട്ലക്കും വിശാഖപട്ടണത്തിനും ഇടയിൽ, മണിക്കൂറിൽ 115 മുതൽ 125 കിലോമീറ്ററും പരമാവധി വേഗം മണിക്കൂറിൽ 140 കിലോമീറ്റർ വരെയും അതിശക്തമായ ചുഴലിക്കാറ്റായി കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

# മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരായ ഹർജി: മറുപടി നൽകാൻ തെരഞ്ഞെടുപ്പ് കമ്മീഷന് കൂടുതൽ സമയം അനുവദിച്ചു

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരായ ഹർജിയിൽ തെരഞ്ഞെടുപ്പ് കമ്മീഷന് മറുപടി നൽകാൻ സുപ്രീംകോടതി കൂടുതൽ സമയം അനുവദിച്ചു. മറുപടി സമർപ്പിക്കാനായി പത്ത് ദിവസത്തെ സമയമാണ് കോടതി നൽകിയിരിക്കുന്നത്. ദീപാവലി അവധിക്ക് ശേഷമായിരിക്കും കേസ് ഇനി കോടതി പരിഗണിക്കുക.

നിലവിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ച സത്യവാംഗ്മൂലത്തിന് മറുപടി നൽകാൻ ഹർജിക്കാർക്ക് സുപ്രീംകോടതി നിർദേശം നൽകി. കേസിൽ കൂടുതൽ വിവരങ്ങൾ അടങ്ങിയ അധിക സത്യവാംഗ്മൂലം സമർപ്പിക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷന് രണ്ടാഴ്ചത്തെ സമയവും കോടതി അനുവദിച്ചിട്ടുണ്ട്.






ലോക പാലിയേറ്റീവ് ദിനാചരണത്തിൻറെ സംസ്ഥാന തല ഉദ്ഘാടനത്തിൻറെ ഭാഗമായി രോഗീസംഗമം മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.



നിയമസഭാ സാമാജികർക്കുള്ള പമ്പ ബ്ലോക്കിലെ ഫ്ലാറ്റുകളുടെ താക്കോൽദാന കർമ്മം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു

# സാന്ത്വന പരിചരണം എല്ലാ രോഗികളിലേക്കും എത്തണം: മന്ത്രി കെ മുരളീധരൻ

രോഗാവസ്ഥയുടെ അവസാനഘട്ടത്തിൽ മാത്രമല്ല, ദീർഘകാല രോഗങ്ങൾ കണ്ടെത്തുന്ന ഘട്ടം മുതൽ പാലിയേറ്റീവ് പരിചരണം നൽകാൻ സാധിക്കുന്ന സംവിധാനം വികസിപ്പിച്ചെടുക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. സത്യൻ സ്മാരക ഹാളിൽ ലോക പാലിയേറ്റീവ് ദിനാചരണ സംസ്ഥാന തല ഉദ്ഘാടനത്തിന്റെ ഭാഗമായ രോഗീസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്ന ഹൃദയരാഗം പദ്ധതി ഇടുക്കി, നിലമ്പൂർ, വട്ടിയൂർക്കാവ് നിയോജക മണ്ഡലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയാണ്. പദ്ധതി വിജയകരമായാൽ 140 നിയോജക മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കും. പാലിയേറ്റീവ് പരിചരണത്തെ പദ്ധതിയുമായി ബന്ധിപ്പിക്കും. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള സംസ്ഥാനത്തെ മുഴുവൻ രോഗികളെയും കണ്ടെത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ മുരളീധരൻ പറഞ്ഞു.പാലിയേറ്റീവ് പരിചരണത്തിൽ രാജ്യത്തിന് തന്നെ മാതൃകയായ സംസ്ഥാനമാണ് കേരളം എന്നത് ഏറെ അഭിമാനകരമാണ്. ജനകീയ ആരോഗ്യ പ്രവർത്തനമായി പാലിയേറ്റീവ് പരിചരണത്തെ വികസിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ നേട്ടം. ശാരീരിക വിഷമതകൾ കുറയ്ക്കുന്നതോടൊപ്പം രോഗിക്ക് മാനസിക, സാമൂഹിക പിന്തുണ കൂടി നൽകുന്നുവെന്ന് ഉറപ്പ് വരുത്താൻ നമുക്ക് കഴിയുന്നു. പാലിയേറ്റീവ് പരിചരണം കാരുണ്യപ്രവർത്തനം മാത്രമല്ല, അവകാശാധിഷ്ഠിതവും ജനകീയവുമായ പ്രവർത്തനമാണ്. പ്രാഥമിക ആരോഗ്യസംവിധാനത്തെയും പാലിയേറ്റീവ് പരിചരണത്തെയും കൂടുതൽ ശക്തമായി ബന്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. ചെറുപ്പക്കാർ കൂടുതലായി പാലിയേറ്റീവ് രംഗത്തേക്ക് കടന്നുവരുന്നുവെന്നത് സന്തോഷകരമാണ്. എസ്എസ്എൽസി പാസായവർക്ക് ആരോഗ്യസർവകലാശാലയിൽ പാലിയേറ്റീവ് പരിചരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

വാർഡ് കൗൺസലർ ഷേർളി എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ രോഗികളും പാലിയേറ്റീവ് പ്രവർത്തകരും പങ്കെടുത്തു.ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത സന്നിഹിതയായിരുന്നു.

## പാരാ ലീഗൽ വോളന്റിയർ നിയമനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളിലും പാരാ ലീഗൽ വോളന്റിയർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദം/ബിരുദാനന്തര ബിരുദം/ എം.എസ്.ഡബ്ല്യു/ മറ്റ് ഉന്നത വിദ്യാഭ്യാസ യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമനം. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലോ ബന്ധപ്പെട്ട താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളുടെ താലൂക്ക് ആസ്ഥാനങ്ങളിലോ നവംബർ 10നകം സമർപ്പിക്കണം. ഫോൺ: 0471 2575013.

## നഴ്സിങ് കോളജിൽ ജൂനിയർ ലക്ചറർ

തിരുവനന്തപുരം സർക്കാർ നഴ്സിങ് കോളജിൽ ജൂനിയർ ലക്ചറർമാരുടെ ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യു നടത്തുന്നു. പ്രതിമാസം 32,000 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. സർക്കാർ/ സ്വകാര്യ/ സ്വാശ്രയ നഴ്സിങ് കോളജുകളിൽ നിന്ന് എം.എസ്സി നഴ്സിങ് പാസായവരും കെഎൻഎംസി രജിസ്ട്രേഷൻ ഉള്ളവരുമായ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. ബയോഡാറ്റയും യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി നവംബർ മൂന്ന് രാവിലെ 10.30ന് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471-2528601, 2528603.

# ഭരണഭാഷാ വാരാഘോഷം: മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

കേരളപ്പിറവിയുടെ 70-ാം വാർഷിക വേളയിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷം സംഘടിപ്പിക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് മാർഗനിർദേശം പുറപ്പെടുവിച്ചു.

നവംബർ 1-ന് എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളിൽ ഓഫീസ് മേധാവിയുടെ അധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനവും ഭരണഭാഷാപ്രതിജ്ഞ ചൊല്ലലും സംഘടിപ്പിക്കണം.

ഭരണഭാഷാപ്രതിജ്ഞ:

'മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും'.

വിദ്യാലയങ്ങളിലെ അസംബ്ലിയിൽ ചൊല്ലേണ്ട പ്രതിജ്ഞ:

'മലയാളമാണ് എന്റെ ഭാഷ

എന്റെ ഭാഷ എന്റെ വീടാണ്.

എന്റെ ആകാശമാണ്.

ഞാൻകാണുന്ന നക്ഷത്രമാണ്.

എന്നെത്തഴുകുന്ന കാറ്റാണ്.

എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.

എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.

ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്

എന്റെ ഭാഷയിലാണ്.

എന്റെ ഭാഷ ഞാൻതന്നെയാണ്.'

വാരാഘോഷക്കാലത്ത് ഓഫീസുകളിലും വിദ്യാലയങ്ങളിലും 'ഭരണഭാഷ - മാതൃഭാഷ' എന്ന ബാനറുകൾ പ്രദർശിപ്പിക്കണം. ഭാഷാപോഷണത്തിനും ഭരണഭാഷാമാറ്റത്തിനും സഹായിക്കുന്ന പരിശീലനക്ലാസുകൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, ഭരണഭാഷാ പുരസ്കാരം ലഭിച്ചവർക്കുള്ള അനുമോദനം എന്നിവ സംഘടിപ്പിക്കണം. ഓഫീസുകളിൽ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും അവയ്ക്ക് സമാനമായ മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കണം.

സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന വിശദമായ റിപ്പോർട്ട് വകുപ്പുമേധാവികളും, ജില്ലാതല റിപ്പോർട്ടുകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും നവംബർ 30-നകം ഔദ്യോഗികഭാഷാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയക്കണം.

# കാലാവസ്ഥാ വ്യതിയാനം: പ്രതിരോധത്തിന് സംസ്ഥാനതല മോണിറ്ററിങ് യൂണിറ്റ്

### ജലസംരക്ഷണത്തിനും കാർഷിക മേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കും സംയോജിത കർമപദ്ധതി

### കുട്ടനാടിന് പ്രത്യേക പരിഗണന; ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കും

എൽ നിനോ ഉൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാന പ്രവണതകൾ കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, നബാർഡ് തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി സംസ്ഥാനതല മോണിറ്ററിങ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാനും നിലവിലുള്ള വിവിധ ഫണ്ട് സ്രോതസ്സുകൾ ഏകോപിപ്പിച്ച് ഫലപ്രദമായി വിനിയോഗിക്കാനും തീരുമാനിച്ചു. നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ കൃഷി മന്ത്രി ടി സിദ്ദിഖിന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം.

ജലസ്രോതസ്സുകളുടെ സംരക്ഷണം, തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം, ജലനിയന്ത്രണ സംവിധാനങ്ങൾ, ഡ്രിപ്പ് ഇറിഗേഷൻ, മഴവെള്ള സംഭരണം, ജലസംഭരണ കിണറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കും. കാർഷിക മേഖലയിൽ ഹരിതാവരണം വർധിപ്പിച്ച് മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും നേരിട്ടുള്ള സൂര്യപ്രകാശം മൂലമുള്ള ആഘാതങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികളും കർമപദ്ധതിയിൽ ഉൾപ്പെടുത്തും.

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ഗൗരവത്തോടെ കണ്ട് ഭൂമിയെയും കാർഷികവൃത്തിയെയും വിളകളെയും സംരക്ഷിക്കുന്നതിനുള്ള വിപുലമായ ദൗത്യത്തിന് തുടക്കമിടേണ്ടതുണ്ടെന്ന് മന്ത്രി ടി. സിദ്ദിഖ് പറഞ്ഞു. വിവിധ വകുപ്പുകളുടെ ഫണ്ടുകൾ ഏകോപിപ്പിച്ച് ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ഇതിനായി വകുപ്പുകൾ സംയുക്തമായി യോഗം ചേർന്ന് അടിയന്തരമായി പ്രവർത്തന രൂപരേഖ തയ്യാറാക്കണമെന്നും മന്ത്രി നിർദേശിച്ചു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. പഞ്ചായത്ത് തലത്തിലും പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങളുടെ പുരോഗതി ഇടവേളകളിൽ വിലയിരുത്തി തുടർനടപടികൾ ഉറപ്പാക്കും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നതിൽ കുട്ടനാടിന് പ്രത്യേക പരിഗണന നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും. ജലവിഭവ, റവന്യൂ വകുപ്പുകളുടെ മന്ത്രിമാരുമായി കൂടിയാലോചിച്ച് കുട്ടനാടിനായി പ്രത്യേക ദൗത്യം രൂപപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി വ്യക്തമാക്കി.

വരും വർഷങ്ങളിൽ താപനിലയും ജലക്ഷാമവും വർധിക്കാനുള്ള സാധ്യത ആശങ്കാജനകമാണെന്ന് മന്ത്രി ടി. സിദ്ദിഖ് പറഞ്ഞു.

സംസ്ഥാനത്ത് നിലവിൽ 28 ശതമാനം മഴക്കുറവുണ്ടെന്നും താപനിലയിൽ ചിലയിടങ്ങളിൽ രണ്ട് ഡിഗ്രി സെൽഷ്യസിന്റെ വർധന രേഖപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തര ഇടപെടൽ ആവശ്യമായ മേഖലകൾ കണ്ടെത്തുകയും ജലസംരക്ഷണത്തിനും മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും വേണമെന്നും അദ്ദേഹം നിർദേശിച്ചു.

കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയെ മാത്രമല്ല, പ്രകൃതിദത്ത ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി പറഞ്ഞു. പ്രകൃതിദത്ത നീരൊഴുക്കുകളും തോടുകളും സംരക്ഷിക്കുന്നതിനും മാലിന്യസംസ്കരണത്തിലൂടെയും ശുചീകരണ പ്രവർത്തനങ്ങളിലൂടെയും ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തും. കാർഷിക മേഖലയെ കാലാവസ്ഥാ വെല്ലുവിളികളിൽനിന്ന് സംരക്ഷിക്കുന്നതിനായി കൃഷിവകുപ്പുമായി സഹകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

കാലാവസ്ഥാ വ്യതിയാനത്തെയും കുട്ടനാട്ടിലെ വെല്ലുവിളികളെയും നേരിടാൻ മുൻഗണനകൾ നിശ്ചയിച്ച് ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി പ്രശ്നപരിഹാരത്തിന് ഈ സർക്കാർ മുൻകൈയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജലസംരക്ഷണം, വെള്ളപ്പൊക്ക പ്രതിരോധം, ജലനിർഗമനം, ബണ്ട് സംരക്ഷണം, കാർഷിക കലണ്ടർ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണം. ഇതിനായി ജലവിഭവ വകുപ്പിന്റെ പൂർണ പിന്തുണയും മന്ത്രി ഉറപ്പു നൽകി.

2018-ലെ പ്രളയത്തിനും തുടർന്നുണ്ടായ കാലാവസ്ഥാ ദുരന്തങ്ങൾക്കും ശേഷം കാർഷിക മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ അനിവാര്യമാണെന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. പ്രകൃതിദത്ത നീരൊഴുക്കുകളും തോടുകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും കാർഷിക അഭിവൃദ്ധി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. ഇതിനാവശ്യമായ നിയമഭേദഗതികളും കൃത്യമായ പദ്ധതികളും പരിഗണിക്കുമെന്നും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതികൾക്ക് റവന്യൂ വകുപ്പിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ലാൻഡ് റവന്യൂ കമ്മിഷണർ എച്ച്. ദിനേശൻ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യർ, കൃഷിവകുപ്പ് ഡയറക്ടർ അർജുൻ പാണ്ഡ്യൻ എന്നിവരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# പാലിയേറ്റീവ് രംഗത്ത് ലോക മാതൃകയായി കേരളം

ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന (WHO) മാതൃകയായി അംഗീകരിച്ചിട്ടുണ്ട്.

നിലവിൽ വിപുലമായ സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഇതിനായി പ്രവർത്തിക്കുന്നത്:

സ്ഥ ഗൃഹകേന്ദ്രീകൃത പരിചരണം (Home Care): ദീർഘകാല രോഗങ്ങൾ മൂലം കിടപ്പിലായ, മറ്റൊരാളുടെ സഹായം ആവശ്യമുള്ള രോഗികളെ വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് പരിചരണം നൽകുന്നു. 30,000 ജനസംഖ്യക്ക് ഒരു ഹോം കെയർ യൂണിറ്റ് എന്ന കണക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും കീഴിൽ ഇവ പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ നിയമിക്കുന്ന പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സിന്റെ നേതൃത്വത്തിലാണ് പ്രവർത്തനം.സ്ഥ പ്രൈമറി യൂണിറ്റുകൾ: സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകളും സന്നദ്ധ മേഖലയിൽ 1307 യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ 1.5 ലക്ഷത്തിലധികം രോഗികൾക്ക് നിലവിൽ പരിചരണം ഉറപ്പാക്കുന്നു. ഹോം കെയർ ടീം മാസത്തിലൊരിക്കൽ വീടുകളിലെത്തി പരിചരണ സാമഗ്രികൾ നൽകുകയും വീട്ടുകാരെ പരിചരണ രീതികൾ പഠിപ്പിക്കുകയും ചെയ്യുന്നു. ആശാ പ്രവർത്തകരും മാസത്തിലൊരിക്കൽ ഇവരെ സന്ദർശിച്ച് പിന്തുണ നൽകുന്നുണ്ട്.

സ്ഥ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ: കിടപ്പിലല്ലാത്തതും എന്നാൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതുമായ 4 ലക്ഷത്തിലധികം രോഗികൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. MLSP നഴ്സുമാരാണ് ഇവരെ വീടുകളിൽ സന്ദർശിച്ച് പരിചരണം ഏകോപിപ്പിക്കുന്നത്.

സ്ഥ സെക്കണ്ടറി യൂണിറ്റുകൾ: സി.എച്ച്.സികളിലും (CHC) പ്രധാന ആശുപത്രികളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 345 സെക്കണ്ടറി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവിടെ പരിശീലനം ലഭിച്ച ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവരുടെ സേവനത്തിന് പുറമെ മരുന്നുകൾ, ഫിസിയോതെറാപ്പി എന്നിവയും ലഭ്യമാണ്. കിടത്തിച്ചികിത്സയുള്ള ആയുർവേദ ആശുപത്രികളിലും ഹോമിയോ മേഖലയിലും സെക്കണ്ടറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

സ്ഥ മെഡിക്കൽ സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ: പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരം 500-ലധികം വരുന്ന മെഡിക്കൽ സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സംസ്ഥാനതല സംവിധാനം ഉടൻ രൂപീകരിക്കും.

ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനം

സർക്കാർ മേഖലയിൽ 14 ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിശീലനം നൽകുന്ന തൃതീയ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ മേഖലയിൽ ആറ് കേന്ദ്രങ്ങളും സജീവമാണ്. ഡോക്ടർമാർക്കും നഴ്സുമാർക്കുമായി 6 ആഴ്ചത്തെ കോഴ്സുകളും (BCCPM, BCCPN), കമ്മ്യൂണിറ്റി നഴ്സുമാർക്കായി 4 മാസത്തെ കോഴ്സും (CCCPN) കൂടാതെ ആരോഗ്യ-സന്നദ്ധ പ്രവർത്തകർക്കായി പ്രത്യേക ഹ്രസ്വകാല പരിശീലനങ്ങളും തുടർച്ചയായി സംഘടിപ്പിച്ചു വരുന്നു.

## മത്സര പരീക്ഷാ പരിശീലന ധനസഹായം

പിന്നാക്ക സമുദായത്തിൽപ്പെട്ട (ഒബിസി) ഉദ്യോഗാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാം. മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, ബാങ്കിങ് സർവീസ്, ഗേറ്റ് / മാറ്റ്, യുജിസി-നെറ്റ് / ജെആർഎഫ് മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിനാണ് ധനസഹായം. നവംബർ 20നകം https://egrantz.kerala.gov.in/ ൽ അപേക്ഷിക്കണം. വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടുക.

# പ്രതിധ്വനി ഏഷ്യാനെറ്റ് ന്യൂസ് ഐ.ടി കലോത്സവം 2026: രജിസ്ട്രേഷൻ ആരംഭിച്ചു

## നവംബർ 19 മുതൽ 24 വരെ ടെക്നോപാർക്കിൽ ;രജിസ്ട്രേഷൻ ഒക്ടോബർ 31 വരെ

തിരുവനന്തപുരം: കേരളത്തിലെ ഐ.ടി ജീവനക്കാരുടെ സാംസ്കാരിക-ക്ഷേമ സംഘടനയായ പ്രതിധ്വനി, ഏഷ്യാനെറ്റ് ന്യൂസിൻറെയും ടെക്നോപാർക്കിൻറെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രഥമ ഐ.ടി കലോത്സവം 2026 ൻറെ രജിസ്ട്രേഷൻ ആരംഭിച്ചു.

ഐ.ടി ജീവനക്കാർക്കായി വിവിധ വിഭാഗങ്ങളിലായി 50 ഇനം മത്സരങ്ങളും ജീവനക്കാരുടെ മക്കൾക്കായി പ്രത്യേക കിഡ്സ് ഫെസ്റ്റും കലോത്സവത്തിൻറെ ഭാഗമായി നടക്കും. നവംബർ 19 മുതൽ 24 വരെ ടെക്നോപാർക്കിലെ വിവിധ വേദികളിലായാണ് മത്സരങ്ങൾ അരങ്ങേറുന്നത്. ഒക്ടോബർ 31 ആണ് രജിസ്ട്രേഷൻറെ അവസാന തീയതി.

കഴിഞ്ഞ 14 വർഷമായി ഐ.ടി ജീവനക്കാരുടെ ക്ഷേമത്തിനും കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്ന സംഘടനയാണ് പ്രതിധ്വനി. കേരളത്തിലെ ഐ.ടി ജീവനക്കാരുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും സർഗാത്മകതയ്ക്ക് വേദിയൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിധ്വനി ഐ.ടി കലോത്സവം സംഘടിപ്പിക്കുന്നത്.

വ്യക്തിഗത, ഗ്രൂപ്പ് മത്സരങ്ങളിലായി വൈവിധ്യമാർന്ന കലാപരിപാടികൾ കലോത്സവത്തിൻറെ ഭാഗമായി നടക്കും. മോണോആക്ട്, മിമിക്രി, ലളിതഗാനം, മാപ്പിളപ്പാട്ട്, വിവിധ ശാസ്ത്രീയ നൃത്തങ്ങൾ, സംഗീതോപകരണ മത്സരങ്ങൾ, കവിതാപാരായണം, പ്രസംഗം, ഫോട്ടോഗ്രഫി, സ്റ്റാൻഡ്-അപ്പ് കോമഡി തുടങ്ങിയവയാണ് പ്രധാന വ്യക്തിഗത മത്സരങ്ങൾ. തിരുവാതിര, ഒപ്പന, ഗ്രൂപ്പ് ഡാൻസ്, നാടൻപാട്ട്, മൈം, സ്കിറ്റ് തുടങ്ങിയ ഗ്രൂപ്പ് മത്സരങ്ങളും ഉണ്ടായിരിക്കും.ഫാഷൻ ഷോ, ഡാൻസ് വാർ, ബാൻഡ് വാർ തുടങ്ങിയ മെഗാ മത്സരങ്ങളും കലോത്സവത്തിൻറെ ആകർഷണങ്ങളാണ്. ജീവനക്കാരുടെ മക്കൾക്കായി കിൻറർഗാർട്ടൻ (കെജി), ലോവർ പ്രൈമറി (എൽപി), അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) വിഭാഗങ്ങളിലായി പ്രത്യേക കിഡ്സ് ഫെസ്റ്റും സംഘടിപ്പിക്കും.നവംബർ 19 ന് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ പ്രശസ്ത ഗായകൻ ജാസി ഗിഫ്റ്റിൻറെ സംഗീതനിശയും നവംബർ 24 ന് നടക്കുന്ന സമാപനച്ചടങ്ങിൽ ഗായകൻ സൂരജ് സന്തോഷിൻറെ സംഗീതനിശയും അരങ്ങേറും.

ഐ.ടി മേഖലയിലെ തിരക്കുകൾക്കിടയിൽ ജീവനക്കാർക്ക് തങ്ങളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനും വിവിധ കമ്പനികളിലെ ജീവനക്കാർ തമ്മിലുള്ള സൗഹൃദവും ഐക്യവും ശക്തിപ്പെടുത്താനും കലോത്സവം അവസരമൊരുക്കും. സ്കൂൾ കലോത്സവത്തിൻറെ മാതൃകയിൽ ഐ.ടി മേഖലയ്ക്കായി സംഘടിപ്പിക്കുന്ന ഈ കലാമേള കേരളത്തിലെ ഐ.ടി സമൂഹത്തിൻറെ സർഗാത്മകതയും കൂട്ടായ്മയും ആഘോഷിക്കുന്ന വേദിയായി മാറുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.വിജയികൾക്ക് മെഡലുകളും ട്രോഫികളും ക്യാഷ് അവാർഡുകളും ലഭിക്കും. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന കമ്പനിക്ക് എവർറോളിങ് ട്രോഫിയും സമ്മാനിക്കും.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: itkalolsavam.prathidhwani.org

രജിസ്ട്രേഷൻ അവസാന തീയതി: 2026 ഒക്ടോബർ 31. ഫോൺ: 8943802456 (രോഹിത് .കെ -പ്രോഗ്രാം കൺവീനർ)

# സി. ഡഗ്ലസിനും എൻ.എൻ. റിംസണും രാജാരവിവർമ്മ പുരസ്കാരങ്ങൾ

## 2023, 2024 വർഷങ്ങളിലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



Raja Ravi Varma Puraskaram-2023
C Dougless



Raja Ravi Varma Puraskaram-2024
N N Rimzon

വിഷ്വൽ ആർട്ട് രംഗത്ത് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ രാജാ രവിവർമ്മ പുരസ്കാരം പ്രഖ്യാപിച്ചു. ആധുനിക കലാകാരിൽ ശ്രദ്ധേയനായ സി. ഡഗ്ലസ് ആണ് 2023ലെ പുരസ്ക്കാരത്തിന് അർഹനായത്. 2024 ലെ പുരസ്കാരത്തിന് പ്രശസ്ത ശില്പി എൻ.എൻ. റിംസൺ അർഹനായി. മൂന്ന് ലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും ഉൾപ്പെട്ടതാണ് പുരസ്കാരം. പി.ആർ ചേംബറിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ടൂറിസം, സാംസ്കാരികം, സിനിമ വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.ഇന്ത്യൻ ചിത്രകലയിലുൾപ്പെടെ കലാരംഗത്ത് നിസ്തുല സംഭാവന ചെയ്ത വിഖ്യാത കലാകാരനായ രാജാ രവിവർമ്മ ഭാരതീയ മനസ്സിൽ കലയുടെ പര്യായമാണെന്ന് മന്ത്രി പറഞ്ഞു. അതിനാലാണ് വിഷ്വൽആർട്ട് രംഗത്ത് സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരം രാജാ രവിവർമ്മയുടെ നാമധേയത്തിൽ നൽകുന്നത്.

മദ്രാസ് കലാപ്രസ്ഥാനത്തിന്റെ ഭാഗമായ പ്രമുഖ ഇന്ത്യൻ കലാകാരനാണ് സി. ഡഗ്ലസ്. പ്രാദേശിക മുൻഗണനകൾക്കപ്പുറം സാർവദേശീയമായ വിശ്വമാനവിക കാഴ്ചപ്പാടും ശൈലിയും അദ്ദേഹം സ്വീകരിച്ചുവെന്ന് ജൂറി വിലയിരുത്തി. മുതിർന്ന കലാകാരനായ പി. ഗോപിനാഥ് ചെയർപേഴ്സണും ആർ. ശാന്താമണി, ഡോ. സി.എസ്. ജയറാം, ടി.വി. സന്തോഷ്, മെമ്പർ സെക്രട്ടറി രാജി ആർ. പിള്ള (അക്കാദമി സെക്രട്ടറി ഇൻ-ചാർജ് ആയിരുന്നു) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് ഡഗ്ലസിനെ 2023ലെ രാജാ രവിവർമ്മ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. സമകാലീന ഇന്ത്യൻ ചിത്രകലയിൽ സുദീർഘവും പരീക്ഷണാത്മകവുമായ കലാപ്രവർത്തനങ്ങളാണ് ഡഗ്ലസിന്റേതെന്ന് ജൂറി ചൂണ്ടിക്കാട്ടി.മുതിർന്ന കലാകാരിയായ പുഷ്പമാല എൻ. ചെയർപേഴ്സണായും ആർ. നന്ദകുമാർ, സുരേന്ദ്രൻ നായർ, മെമ്പർ സെക്രട്ടറി രാജി ആർ. പിള്ള (അക്കാദമി സെക്രട്ടറി ഇൻ-ചാർജ്) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് 2024ലെ രാജാ രവിവർമ്മ പുരസ്കാരത്തിനായി എൻ.എൻ, റിംസനെ തെരഞ്ഞെടുത്തത്. 1980കൾ മുതൽ നീളുന്ന കരിയറിൽ, ഇന്ത്യയിലും വിദേശത്തുമായി പ്രധാന പ്രദർശനങ്ങളിൽ വൈവിധ്യപൂർണവുമായ നിരവധി സൃഷ്ടികൾ പ്രദർശിപ്പിച്ച അദ്ദേഹം ശിൽപകലയിലും സമകാലീന കലയിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി. വിവിധ തലമുറകളിലെ കലാകാരന്മാരെ ഏറെ സ്വാധീനിച്ചിട്ടുള്ള കലാകാരൻ കൂടിയാണ് എൻ.എൻ, റിംസനെന്ന് ജൂറി അഭിപ്രായപ്പെട്ടു.

കേരള ലളിതകലാ അക്കാദമി ചെയർമാൻ പ്രൊഫ. എസ്. പ്രകാശ് മൂർത്തി, സെക്രട്ടറി വൈക്കം എം.കെ. ഷിബു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# വ്യാവസായിക ഉത്പാദന സൂചിക: റീജിയണൽ വർക്ക്ഷോപ്പ് ഒക്ടോബർ 28 മുതൽ 30 വരെ

കേന്ദ്ര സ്ഥിതിവിവരക്കണക്ക് പദ്ധതി നിർവഹണ മന്ത്രാലയത്തിന്റെയും സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും സഹകരണത്തോടെ വ്യാവസായിക ഉത്പാദന സൂചികയുടെ അടിസ്ഥാനവർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട റീജിയണൽ വർക്ക്ഷോപ്പ് ഒക്ടോബർ 28 മുതൽ 30 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. ഡിമോറ ഇന്റർനാഷണൽ ഹോട്ടലിൽ നടക്കുന്ന ത്രിദിന വർക്ക്ഷോപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം 28-ന് രാവിലെ 10ന് നടക്കും. ദിവസവും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് വർക്ക്ഷോപ്പ് ക്രമീകരിച്ചിരിക്കുന്നത്.സംസ്ഥാനങ്ങളിലെ വ്യാവസായിക മേഖലയിലെ ഉത്പാദനത്തിലെ മാറ്റങ്ങളും വളർച്ചയും വിലയിരുത്തുന്നതിനുള്ള പ്രധാന സൂചികയാണ് വ്യാവസായിക ഉത്പാദന സൂചിക. ഈ മേഖലയിലെ മാറ്റങ്ങൾ കൃത്യമായി പ്രതിഫലിപ്പിക്കുന്നതിന് നിലവിലുള്ള 2011-12 അടിസ്ഥാനവർഷത്തിൽ നിന്ന് 2022-23 ലേക്ക് സൂചിക പുതുക്കേണ്ടത് അനിവാര്യമാണ്. ദേശീയതലത്തിൽ അടിസ്ഥാനവർഷം പരിഷ്കരിക്കുന്ന പ്രക്രിയ പൂർത്തിയായതിനെത്തുടർന്ന് സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പ്രായോഗിക മാർഗനിർദേശവും നൽകുകയാണ് വർക്ക്ഷോപ്പിന്റെ പ്രധാന ലക്ഷ്യം. അടിസ്ഥാനവർഷം പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ, വിവരശേഖരണം, വിവരങ്ങളുടെ ക്രോഡീകരണം, സൂചികയുടെ കണക്കുകൂട്ടൽ എന്നിവയിൽ പരിശീലനം നൽകും.15 സംസ്ഥാനങ്ങളിൽ നിന്നായി 50 പ്രതിനിധികളും, ഔദ്യോഗിക, കേരള ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഉന്നത ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.

# സംസ്ഥാന കായികമേള: ഇൻക്ലൂസീവ് സ്പോർട്സ് വിജയികൾക്ക് സമ്മാനത്തുകയായി 3.79 ലക്ഷം

കോഴിക്കോട്: 68ാമത് സംസ്ഥാന സ്കൂൾ കായികമേളയിലെ ഇൻക്ലൂസീവ് സ്പോർട്സ് മത്സര വിജയികൾക്ക് സർക്കാർ നൽകിയത് 3.79 ലക്ഷം രൂപ. പൊതുവിദ്യാഭ്യാസ മന്ത്രി അഡ്വ. എൻ. ഷംസുദ്ദീനാണ് ഇക്കാര്യം അറിയിച്ചത്.

മേളയുടെ തുടക്കത്തിൽ മോശം കാലാവസ്ഥയും റെഡ് അലർട്ടും ആശങ്ക സൃഷ്ടിച്ചിരുന്നെങ്കിലും അവ മറികടന്ന് മികച്ച പങ്കാളിത്തത്തോടെ മത്സരങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതായി എൻഐടിയിലെ മേജൻ ധ്യാൻ ചന്ദ് സ്റ്റേഡിയം കോംപ്ലക്സിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി.

ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സംഘടിപ്പിച്ച ഇൻക്ലൂസീവ് സ്പോർട്സ് മത്സരങ്ങളിലെ വിജയികൾക്ക് ട്രോഫികൾക്കൊപ്പം 3.79 ലക്ഷം രൂപയോളം സമ്മാനത്തുകയായിട്ടാണ് വിതരണം ചെയ്തത്.

കൂടുതൽ ഭക്ഷണം തയാറാക്കാൻ നിർദ്ദേശം

മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘാടകസമിതി ചേർന്ന അവലോകന യോഗത്തിൽ വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടു.ഭക്ഷണവിതരണത്തിന് ആദ്യഘട്ടത്തിൽ പ്രതീക്ഷിച്ചതിലും കൂടുതൽ പേർ എത്തിയതിനെത്തുടർന്നുണ്ടായ ചെറിയ കാലതാമസം ഒഴിവാക്കാൻ 2,000 പേർക്ക് അധികമായി ഭക്ഷണം തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.വെയിലിൽനിന്ന് സംരക്ഷണം ഉറപ്പാക്കാൻ ഭക്ഷണശാലയ്ക്ക് പുറത്ത് തണൽപ്പന്തലുകളും സുരക്ഷയ്ക്കായി പൊലിസ് സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

മത്സരഫലങ്ങൾ വേഗത്തിൽ പ്രഖ്യാപിക്കുന്നതിനും അതത് ഗ്രൗണ്ടുകളിൽ വച്ചുതന്നെ ട്രോഫികളും മെഡലുകളും വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാത്രി മത്സരങ്ങൾ നടക്കുന്ന ഗ്രൗണ്ടുകളിൽ മികച്ച വെളിച്ച സംവിധാനം ഉറപ്പാക്കും. ബയോ ടോയ്‌ലറ്റുകളുടെ ശുചിത്വം ഉറപ്പാക്കാനും നിർദേശം നൽകിയിട്ടുണ്ട്.

കായികതാരങ്ങൾക്കായി 50 കേന്ദ്രങ്ങളിൽ ഒരുക്കിയ താമസസൗകര്യങ്ങളും ഗതാഗത സംവിധാനങ്ങളും സുഗമമായി പ്രവർത്തിക്കുന്നുണ്ട്. പ്രായത്തട്ടിപ്പ്, ലഹരിമരുന്ന് ഉപയോഗം തുടങ്ങിയവ സംബന്ധിച്ച് പരാതികൾ ഉയർന്നാൽ ബോൺ ടെസ്റ്റ് ഉൾപ്പെടെയുള്ള കർശന പരിശോധനകളും തുടർനടപടികളും സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

# കുറവ് യാത്രക്കാർ ഇടുക്കിയിൽ, കൂടുതൽ തലസ്ഥാനത്ത്, ഗുണഭോക്താക്കൾ 15.51 കോടിയിലേറെ; പ്രിയങ്കരിയായി പ്രിയദർശിനി

കോഴിക്കോട്: കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡറുകൾ അടക്കമുള്ള യാത്രക്കാർക്കുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രിയദർശിനി സൗജന്യ യാത്രാപദ്ധതി ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത് തിരുവനന്തപുരം ജില്ല. ഏറ്റവും കുറവ് ഇടുക്കി ജില്ലയിലും.

ഈ വർഷം ജൂൺ 15 ന് ആരംഭിച്ച പദ്ധതിയിൽ ഈ മാസം 11 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 15,51,01,072 സ്ത്രീ, ട്രാൻസ്ജെൻഡർ യാത്രക്കാരാണ് സൗജന്യമായി യാത്ര ചെയ്തത്. 330.04 കോടി രൂപയാണ് ഇത്രയും ടിക്കറ്റുകളുടെ മൂല്യം.

പ്രിയദർശിനി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 3,74,24,082 സ്ത്രീകളാണ് യാത്ര ചെയ്തത്. ഇതിൻറെ ടിക്കറ്റ് മൂല്യം 65,19,10,690 രൂപ. ഇടുക്കിയിൽ 38,09,962 സ്ത്രീകൾ യാത്ര ചെയ്തതിൻറെ ടിക്കറ്റ് മൂല്യം 11,34,25,122 രൂപയാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നിയമസഭാ മണ്ഡലങ്ങളുള്ള മലപ്പുറം ജില്ലയാണ്, ഏറ്റവും കുറവ് സ്ത്രീ യാത്രക്കാരുടെ പട്ടികയിലുള്ള ജില്ലകളിൽ രണ്ടാം സ്ഥാനത്തുള്ളത്. 16 മണ്ഡലങ്ങളിലുമായി 40,06,806 സ്ത്രീകളാണ് ഇതുവരെ സൗജന്യയാത്ര ചെയ്തത്. ഇതിൻറെ ടിക്കറ്റ് മൂല്യം 12,40,91,236 രൂപ.അതേസമയം ഏറ്റവും കുറവ് നിയമസഭാ മണ്ഡലങ്ങളുള്ള വയനാട് (മൂന്ന്) മലപ്പുറത്തെ കടത്തിവെട്ടി. വയനാട്ടിലെ 87,92,270 സ്ത്രീകൾ യാത്ര ചെയ്തതിൻറെ ടിക്കറ്റ് മൂല്യം 20,90,25,232 രൂപയാണ്. കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കാസർഗോഡ് ജില്ലകളേക്കാൾ മുൻപന്തിയിലാണ് വയനാടിൻറെ സ്ഥാനം.

# ലണ്ടനിൽ റേസിംഗ് കാറുകൾ ഇടിച്ചു കയറി അമ്മയും മകളും മരിച്ച സംഭവം: രണ്ട് ഇന്ത്യൻ വംശജർക്ക് 28 വർഷം തടവ്

ലണ്ടൻ: വടക്കൻ ഇംഗ്ലണ്ടിൽ റോഡിൽ കാർ റേസിംഗ് നടത്തുന്നതിനിടെ സ്കൂളിലേക്ക് നടന്നുപോവുകയായിരുന്ന അമ്മയുടെയും നാലുവയസുള്ള മകളുടെയും മേൽ കാർ ഇടിച്ചു കയറി മരിച്ച കേസിൽ രണ്ട് ഇന്ത്യൻ വംശജർക്ക് തടവുശിക്ഷ വിധിച്ചു. കേസിൽ പ്രതികളായ രണ്ടുപേർക്കും കൂടി ആകെ 28 വർഷത്തെ തടവാണ് കോടതി വിധിച്ചിരിക്കുന്നത്. ഇതിൽ ഒരാൾക്ക് 16 വർഷവും മറ്റൊരാൾക്ക് 12 വർഷവുമാണ് തടവുശിക്ഷ.

2023 ജനുവരിയിലാണ് സംഭവം നടക്കുന്നത്. കാർ സെയിൽസ്മാനായ ജാസ്മൽ റിയാത് (37), ഹർദീപ് ഭച്ചു (29) എന്നിവരാണ് പ്രതികൾ. റോഡിൽ കാർ റേസിംഗ് നടത്തുന്നതിനിടെ നിയന്ത്രണം വിട്ട വാഹനം റോഡിലൂടെ നടന്നുപോവുകയായിരുന്ന ജസ്റ്റിന ഹൾബോജ് (27), മകൾ ലെന സെപ്ചോർ എന്നിവരുടെ ദേഹത്തേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ അമ്മയും മകളും സംഭവസ്ഥലത്തുതന്നെ മരിച്ചു.

അപകടകരമായി വാഹനമോടിച്ച് മരണത്തിനിടയാക്കിയ കേസിൽ ഹർദീപ് ഭച്ചു 2024 ജൂണിൽ കുറ്റം സമ്മതിച്ചിരുന്നു. എന്നാൽ ഡാഷ്കാം ദൃശ്യങ്ങളിൽ മത്സരയോട്ടം വ്യക്തമായി കാണിച്ചിട്ടും ജാസ്മൽ റിയാത് തുടക്കത്തിൽ തൻറെ ഉത്തരവാദിത്തം നിഷേധിക്കുകയാണുണ്ടായത്. പിന്നീട് നടന്ന വിസ്താരത്തിൽ ഇയാൾ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തുകയായിരുന്നു. തുടർന്ന് ജാസ്മൽ റിയാതിന് 16 വർഷത്തെ തടവുശിക്ഷ വിധിച്ചു. രണ്ടാമത്തെ പ്രതിയായ ഹർദീപ് ഭച്ചുവിനാണ് 12 വർഷത്തെ തടവ്. പ്രതികൾക്ക് തടവുശിക്ഷയ്ക്ക് പുറമെ ആറ് വർഷത്തെ ഡ്രൈവിംഗ് വിലക്കും കോടതി ഏർപ്പെടുത്തിയിട്ടുണ്ട്. ശിക്ഷാകാലയളവിനു ശേഷം ഇവർ വീണ്ടും ഡ്രൈവിംഗ് പരീക്ഷകൾ പാസാകേണ്ടതുമുണ്ട്.

അപകടത്തിന് മിനിറ്റുകൾക്ക് മുമ്പ് ഒരു ട്രാഫിക് സിഗ്നലിൽ അടുത്തടുത്ത് കാത്തുകിടക്കുമ്പോൾ ഹർദീപ് ഭച്ചുവും ജാസ്മൽ റിയാതും തങ്ങളുടെ സ്പോർട്സ് കാറുകളുടെ ജനലുകളിലൂടെ സംസാരിച്ചിരുന്നു. ഇതിനു ശേഷമാണ് ഇവർ മത്സരയോട്ടം ആരംഭിച്ചത്. ആദ്യം ജാസ്മൽ റിയാത് വേഗത കൂട്ടി മുന്നോട്ടുപോവുകയും തൊട്ടുപിന്നാലെ ഹർദീപ് ഭച്ചുവും വാഹനം പായിക്കുകയായിരുന്നു. മണിക്കൂറിൽ 40 മൈൽ വേഗപരിധിയുള്ള റോഡിൽ ഏകദേശം 90 മൈൽ വേഗതയിൽ പായുന്നതിനിടെ ഹർദീപ് ഭച്ചുവിൻറെ കാർ നിയന്ത്രണം നഷ്ടപ്പെടുകയും കാൽനട യാത്രക്കാരുടെ മേൽ ഇടിച്ചു കയറുകയുമായിരുന്നു.

# സിഗ്നൽ തകരാർ; പാളത്തിലൂടെ നടന്ന മൂന്ന് പേർ മരിച്ച നിലയിൽ

മുംബൈ: സാങ്കേതിക തകരാറിനെ തുടർന്ന് ലോക്കൽ ട്രെയിൻ സർവീസുകൾ തടസപ്പെട്ടതോടെ പാളത്തിലൂടെ നടന്നുനീങ്ങിയ മൂന്ന് പേർ മരിച്ച നിലയിൽ. കാഞ്ചുർമാർഗ് റെയിൽവേ സ്റ്റേഷന് സമീപം രാവിലെ തീപിടിത്തമുണ്ടായതിനെത്തുടർന്ന് താനെ മുതൽ വിക്രോളി വരെയുള്ള ഭാഗത്തെ സിഗ്നലിംഗ് സംവിധാനം പൂർണമായും തകരാറിലാവുകയായിരുന്നു.

മണിക്കൂറുകളോളം ട്രെയിനിൽ കുടുങ്ങി കിടന്ന യാത്രക്കാർ ഗതാഗതം പുനസ്ഥാപിക്കാൻ വൈകിയതോടെ അടുത്ത സ്റ്റേഷനുകളിലേക്ക് പാളത്തിലൂടെ നടക്കാൻ ശ്രമിക്കുകയായിരുന്നു. ഇതിനിടെയാണ് അപകടം സംഭവിച്ചത്. ഘാട്കോപ്പർവിക്രോളി സ്റ്റേഷനുകൾക്കിടയിലാണ് രണ്ടുപേരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. മറ്റൊരാളുടെ മൃതദേഹം ഭാണ്ഡുപ്പിലും കണ്ടെത്തി. മരണകാരണം സംബന്ധിച്ച വിവരങ്ങൾ അധികൃതർ പുറത്തുവിട്ടിട്ടില്ല.

തീയപിടിത്തത്തിന് തൊട്ടുമുമ്പ് മുലുന്ദിനും താനെയ്ക്കുമിടയിൽ ഓവർഹെഡ് വൈദ്യുത ലൈനിലും സാങ്കേതിക തകരാർ സംഭവിച്ചിരുന്നു. സ്ലോ, ഫാസ്റ്റ് ലൈനുകളിലെ അപ് ആൻഡ് ഡൗൺ ദിശകളിൽ സിഗ്നലുകൾ കിട്ടാതായതോടെ ട്രെയിനുകൾ മണിക്കൂറുകളോളം നീങ്ങാതെ കിടന്നു.വൈകിട്ടോടെയാണ് റെയിൽവേ അധികൃതർ പ്രശ്നം ഭാഗികമായി പരിഹരിച്ചത്. നാല് ട്രെയിൻ ലൈനുകളിൽ മൂന്നെണ്ണത്തിൻറെ സർവീസുകൾ പുനസ്ഥാപിച്ചതായി അധികൃതർ അറിയിച്ചു. അതേസമയം, യാത്രക്കാർ യാതൊരു കാരണവശാലും പാളത്തിലൂടെ നടക്കരുതെന്ന് കർശന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# ലാലീഗ: സെവിയയ്ക്ക് മിന്നും ജയം

സെവില്ല: ലാലീഗ ഫുട്ബോളിൽ സെവിയയ്ക്ക് മിന്നും ജയം. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ഒസാസുനയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു.ഐസാക്ക് റൊമെറോയും ഫെലിക്സ് കൊറെയ്യും ആണ് സെവിയയ്ക്ക് വേണ്ടി ഗോളുകൾ നേടിയത്. റൊമേറോ 24ാം മിനിറ്റിലും കൊറെയ്യ 81ാം മിനിറ്റിലുമാണ് ഗോൾ സ്കോർ ചെയ്തത്.വിജയത്തോടെ സെവിയയ്ക്ക് 17 പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ ആറാം സ്ഥാനത്താണ് സെവിയ.

# കുതിപ്പാണ് ട്രെൻഡ്; സ്വർണവില മുകളിലേക്ക്, പവന് വീണ്ടും 1.05 ലക്ഷം കടന്നു

കൊച്ചി: സംസ്ഥാനത്ത് മൂന്നാംദിനവും സ്വർണ വിലയിൽ നേരിയ വർധന. 22 കാരറ്റ് സ്വർണം ഗ്രാമിന് 50 രൂപയിലും പവന് 400 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 13,135 രൂപയിലും പവന് 1,05,080 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 45 രൂപ വർധിച്ച് 10,750 രൂപയിലെത്തി.

ഒരു വാരം നീണ്ട വൻവീഴ്ചകൾക്കുശേഷം ശനിയാഴ്ച സ്വർണവില നേരിയ തോതിൽ തിരിച്ചുകയറ്റം ആരംഭിച്ചിരുന്നു. ഗ്രാമിന് 10 രൂപയും പവന് 80 രൂപയുമാണ് ഉയർന്നത്. രാജ്യാന്തരവില സമീപകാലത്തെ ഏറ്റവും വലിയ തകർച്ചയെ നേരിട്ടപ്പോഴാണ് സംസ്ഥാനത്ത് സ്വർണം തിരിച്ചുകയറിയത്. ഈ വാരാദ്യം കയറ്റം തുടർന്ന സ്വർണവില തിങ്കളാഴ്ച ഗ്രാമിന് 15 രൂപയും പവന് 120 രൂപയും വർധിക്കുകയാണുണ്ടായത്.

# ഇ.പിയുടെ ഭാര്യക്കെതിരായ ആരോപണത്തിൽ ഉറച്ച് നിൽക്കുന്നുവെന്ന് ശ്യാംജിത്ത്

കണ്ണൂർ: വൈദേകം റിസോർട്ടിലെ നിക്ഷേപം സംബന്ധിച്ച് ഇ.പി. ജയരാജൻറെ ഭാര്യക്കെതിരായ ആരോപണം ആവർത്തിച്ച് ഇ.പി. ശ്യാംജിത്ത്.

ശശിധരൻ കർത്തയുടെ പണമാണ് നിക്ഷേപിച്ചതെന്ന ആരോപണത്തിൽ ഉറച്ചുനിൽക്കുന്നതായി അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. തൻറെ ആരോപണത്തിൽ അന്വേഷണം നടക്കട്ടെയെന്നും എല്ലാത്തിനും തെളിവുണ്ടെന്നും വൈകാതെ പുറത്തുവിടുമെന്ന് ശ്യാംജിത്ത് പറഞ്ഞു.

അതിനിടെ, തൻറെ ഫേസ്ബുക്ക് അക്കൗണ്ട് ആരും ഹാക്ക് ചെയ്തിട്ടില്ലെന്നും എഫ്ബി പോസ്റ്റ് താനല്ല ഇട്ടതെന്നും ഹാക്ക് ചെയ്തെന്നും പറഞ്ഞത് വൈദേകം മാനേജ്മെൻറ് ഭീഷണിപ്പെടുത്തിയത് കാരണമാണെന്നുമാണ് ഇ.പി.ശ്യാംജിത്തിൻറെ പുതിയ വെളിപ്പെടുത്തൽ.

# മദ്യപിച്ച് അലക്ഷ്യമായി കാറോടിച്ച് അപകടമുണ്ടാക്കിയ സംഭവം; എക്സൈസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

തിരുവനന്തപുരം: മദ്യപിച്ച് അലക്ഷ്യമായി കാറോടിച്ച് അപകടമുണ്ടാക്കിയ സംഭവത്തിൽ എക്സൈസ് പ്രിവൻറീവ് ഓഫിസറെ സർവീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. നെയ്യാർഡാം എക്സൈസ് ചെക്ക്പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പ്രിവൻറീവ് ഓഫിസർ ഷിജുവിനെയാണ് സസ്പെൻഡ് ചെയ്തത്.ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ചുമതലയുള്ള ഒരു എക്സൈസ് ഉദ്യോഗസ്ഥൻറെ ഭാഗത്തുനിന്നും ഉണ്ടായ ഈ നടപടി ഗുരുതരമായ സ്വഭാവദൂഷ്യവും അച്ചടക്ക ലംഘനവുമാണെന്ന് അധികൃതർ വ്യക്തമാക്കി. കഴിഞ്ഞ ദിവസം രാത്രിയിലാണ് മദ്യലഹരിയിൽ അമിത വേഗതയിലെത്തിയ എക്സൈസ് ഉദ്യോഗസ്ഥൻറെ കാർ മറിഞ്ഞത്.ഇയാളെ നാട്ടുകാർ പിടികൂടി പൊലിസിൽ ഏൽപ്പിക്കുകയായിരുന്നു. കട്ടയ്ക്കോട് ഭാഗത്തു നിന്നും കാട്ടാക്കടയിലേക്ക് വരികയായിരുന്നു എക്സൈസ് ഉദ്യോഗസ്ഥൻ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചേരാനല്ലൂർ അപകടം: ജയബാലകൃഷ്ണൻെറ വീടും അപകടസ്ഥലവും സന്ദർശിച്ച് എഡിജിപി

കൊച്ചി: ചേരാനല്ലൂരിൽ പതിനേഴുകാരൻ ഓടിച്ച ബെൻസ് കാറിടിച്ച് കൊല്ലപ്പെട്ട ജയബാലകൃഷ്ണൻെറ വീടും അപകടസ്ഥലവും എഡിജിപി പി. വിജയൻ സന്ദർശിച്ചു. കണ്ടെയ്നർ റോഡിൽ അപകടസ്ഥലം സന്ദർശിച്ച ശേഷമാണ് എഡിജിപി ജയബാലകൃഷ്ണൻെറ വീട്ടിലെത്തി കുടുംബാംഗങ്ങളെ സന്ദർശിച്ചത്.

പൊലിസിന് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുമെന്ന് എഡിജിപി മാധ്യമങ്ങളോട് പ്രതികരിച്ചിരുന്നു. വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരെയൊക്കെയാണ് കാരണക്കാർ എന്ന് പരിശോധിക്കാനാണ് എത്തിയിരിക്കുന്നത്. ജയബാലകൃഷ്ണൻെറ കുടുംബാംഗങ്ങളെയും എല്ലാവരെയും കാണും. ഇവിടെ ജഡ്ജ് എന്നോ പൊലിസ് എന്നോയുള്ള വ്യത്യാസങ്ങൾ ഒന്നുമില്ല. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നിയമപരമായ നടപടികൾ ഉണ്ടാകുമെന്നും എഡിജിപി വ്യക്തമാക്കി.

പതിനേഴുകാരൻെറ ജാമ്യം റദ്ദാക്കണം, പ്രതിയുടെ പിതാവിനെ സസ്പെൻഡ് ചെയ്യണം, പ്രതിയുടെ ഫോട്ടോ എടുത്തത് ബലമായി ഡിലീറ്റ് ചെയ്യിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം എന്നീ ആവശ്യങ്ങളാണ് ജയബാലകൃഷ്ണൻെറ കുടുംബം ഉന്നയിക്കുന്നത്.ഞായറാഴ്ച പുലർച്ചെ രണ്ടരയോടെയാണ് ചേരാനല്ലൂർ കണ്ടെയ്നർ റോഡിൽ പതിനേഴുകാരൻ ഓടിച്ച ബെൻസ് കാറിടിച്ച് മാഞ്ഞാലി സ്വദേശി ജയബാലകൃഷ്ണൻ മരിച്ചത്. ദുർബല വകുപ്പുകൾ ചുമത്തി പതിനേഴുകാരനെ പൊലിസ് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടതും വാഹന ഉടമയായ ജഡ്ജിക്കെതിരെ കേസ് എടുക്കാതിരുന്നതും വലിയ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിരുന്നു.ജയബാലകൃഷ്ണൻെറ കുടുംബം പ്രതിഷേധവുമായി പൊലിസ് സ്റ്റേഷനിലെത്തി. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല കടുത്ത അതൃപ്തി അറിയിച്ചതിന് പിന്നാലെയാണ് പൊലിസ് കടുത്ത നടപടിയിലേക്ക് കടന്നത്. തുടർന്ന് കുറ്റകരമായ നരഹത്യ ചുമത്തി, പ്രതിയെ അറസ്റ്റ് ചെയ്തത്.

# പ്രക്ഷോഭ റാലി മാറ്റണം: രാഹുൽ ഗാന്ധിക്ക് വീണ്ടും കത്തെഴുതി വ്യാപാരി സംഘടന

ന്യൂഡൽഹി: ദീപാവലി ആഘോഷങ്ങളുടെയും കച്ചവടങ്ങളുടെയും സമയത്ത് നവംബർ ഒന്നിന് ഡൽഹി രാംലീലാ മൈതാനത്ത് നടത്താൻ നിശ്ചയിച്ചിട്ടുള്ള പ്രതിപക്ഷ സഖ്യത്തിൻെറ കൂറ്റൻ റാലി മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ട് വ്യാപാരി സംഘടന. ചേംബർ ഓഫ് ട്രേഡ് ആൻഡ് ഇൻഡസ്ട്രി കോൺഗ്രസ് നേതാവ് ബ്രിജേഷ് ഗോയലാണ് രാഹുൽ ഗാന്ധിക്കും പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്കും വീണ്ടും കത്തെഴുതിയത്. നേരത്തെ വ്യാപാരികൾ നൽകിയ നിവേദനം ഔദാസന്ദരമായി രാഹുൽ ഗാന്ധി തള്ളിയിരുന്നു.

പ്രക്ഷോഭം നിർത്തിവെക്കണമെങ്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്നും, 30 സെക്കൻഡിനുള്ളിൽ റാലി അവസാനിപ്പിക്കാമെന്നുമായിരുന്നു രാഹുൽ ഗാന്ധിയുടെ പ്രതികരണം. പത്ത് ലക്ഷത്തോളം ആളുകളും 15,000 മുതൽ 20,000 വരെ ബസുകളും എത്തുന്നതോടെ ഓൾഡ് ഡൽഹിയിലെ റോഡുകൾ പൂർണമായും സ്തംഭിക്കും. ഒക്ടോബർ 31 മുതൽ ബാരിക്കേഡുകൾ ഉയരുമോ എന്നും ഉപഭോക്താക്കൾക്ക് കടകളിലേക്ക് എത്താൻ സാധിക്കുമോ എന്നും വ്യാപാരികൾ ആശങ്കയറിയിച്ചു.

ഒക്ടോബർ പത്തിന് ജന്തർ മന്തറിൽ കുറച്ചുപേർ നടത്തിയ പ്രതിഷേധം കാരണം 3,000 കോടി രൂപയുടെ നഷ്ടമുണ്ടായതായും വ്യാപാരികൾ ചൂണ്ടിക്കാട്ടി. നവംബർ ഒന്നിലെ റാലി കാരണം മാത്രം 10,000 കോടി രൂപയുടെ വ്യാപാര നഷ്ടമുണ്ടാകാൻ സാധ്യതയുണ്ടെന്നാണ് വ്യാപാരികളുടെ നിഗമനം.റാലി മാറ്റിവെക്കാൻ സാധ്യമല്ലെങ്കിൽ ചാന്ദ്നി ചൗക്ക്, സദർ ബസാർ തുടങ്ങി വലിയ മാർക്കറ്റുകളാൽ ചുറ്റപ്പെട്ട രാംലീലാ മൈതാനത്തിന് പകരം ബുരാരി ഗ്രൗണ്ട് അല്ലെങ്കിൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം തുടങ്ങിയ ഇടങ്ങളിലേക്ക് റാലി മാറ്റണമെന്ന് വ്യാപാരി സംഘടന ചെയർമാൻ ബ്രിജേഷ് ഗോയൽ ആവശ്യപ്പെട്ടു.

# 'ബ്രേക്കിംഗ് ബാഡിന് പിന്നാലെ പ്രിസൺ ബ്രേക്കും' തമിഴ്നാട് മുഖ്യമന്ത്രിയെ കടന്നാക്രമിച്ച് എം.കെ. സ്റ്റാലിൻ

ചെന്നൈ: തമിഴ്നാട്ടിലെ തേനി ജില്ലയിലുള്ള തെക്കമ്പട്ടി സബ്ജയിലിൽ നിന്ന് 17 റിമാൻഡ് പ്രതികൾ ചാടിപ്പോയ സംഭവത്തിൽ മുഖ്യമന്ത്രി വിജയിയുടെ നേതൃത്വത്തിലുള്ള തമിഴക വെട്രി കഴകം സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി ഡിഎംകെ അധ്യക്ഷൻ എം.കെ. സ്റ്റാലിൻ. മുൻപ് പാർട്ടി ഭാരവാഹി ലഹരിമരുന്ന് കേസിലകപ്പെട്ടപ്പോൾ 'ബ്രേക്കിംഗ് ബാഡ് പാർട്ടി' എന്ന് പരിഹസിച്ച സ്റ്റാലിൻ, ജയിൽച്ചാട്ടത്തിന് പിന്നാലെ തമിഴ്നാട്ടിൽ ഇപ്പോൾ 'പ്രിസൺ ബ്രേക്ക്' ആരംഭിച്ചിരിക്കുകയാണെന്ന് പരിഹസിച്ചു.

ജാമ്യത്തിലിറങ്ങിയ കുറ്റവാളികൾ മാത്രമല്ല, ജയിലിനുള്ളിലുള്ളവർ പോലും സുരക്ഷിതമായി പുറത്തുകടക്കുന്ന അവസ്ഥയാണെന്ന് സ്റ്റാലിൻ എക്സിൽ കുറിച്ചു. 1995ന് ശേഷമുള്ള ഏറ്റവും വലിയ ജയിൽച്ചാട്ടമാണിതെന്നും അനാസ്ഥ നിറഞ്ഞ ഈ സർക്കാർ ജനങ്ങളെ സംരക്ഷിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തടവുചാടിയവർ വിജയിയുടെ ആരാധകരോ ടിവികെ പ്രവർത്തകരോ ആണോ എന്ന് പരിശോധിക്കണമെന്ന് ഡിഎംകെ നേതാവ് ടി.കെ.എസ്. ഇളങ്കോവൻ പരിഹസിച്ചു. ജയിലിനുള്ളിൽ പോലീസുകാർ ആക്രമിക്കപ്പെടുകയാണെങ്കിൽ തെരുവിൽ സാധാരണക്കാരുടെ സുരക്ഷ എന്താണെന്ന് എഐഎഡിഎംകെ ജനറൽ സെക്രട്ടറി എടപ്പാടി കെ. പളനിസാമി ചോദിച്ചു.തമിഴ്നാട് ജയിൽ ഡി.ജി.പി സന്ദീപ് റായ് റാത്തോഡ് അന്വേഷണത്തിനായി മധുരയിലെത്തി. തടവുചാടിയ 17 പേരിൽ നാല് പേരെ ഇതിനകം പിടികൂടിയിട്ടുണ്ട്. ബാക്കിയുള്ളവർ തേനിയിലെ കാട്ടുപ്രദേശങ്ങളിൽ ഒളിച്ചിരിക്കുന്നു എന്ന നിഗമനത്തിൽ ഡ്രോണുകൾ ഉപയോഗിച്ചും 16 ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചും പൊലിസിന്റെ തിരച്ചിൽ ഊർജ്ജിതമായി തുടരുകയാണ്.

# ഗ്യാസ് ചോർച്ച: വീട്ടമ്മയ്ക്ക് ഗുരുതര പൊള്ളൽ, ഏജൻസിക്കും പൊലിസിനുമെതിരെ കുടുംബം നിയമപോരാട്ടത്തിലേക്ക്

മൂവാറ്റുപുഴ: ഗ്യാസ് കത്തിക്കുന്നതിനിടെ സിലിണ്ടറിൽ നിന്ന് തീപടർന്ന് വീട്ടമ്മയ്ക്ക് ഗുരുതരമായി പൊള്ളലേറ്റു. മൂവാറ്റുപുഴ നഗരസഭ 15ാം വാർഡിൽ കിഴക്കേക്കര താമസിക്കുന്ന തറമോളേൽ മെഹജാ അബിൻസിനാണ് പൊള്ളലേറ്റത്. ഏജൻസിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അനാസ്ഥയാണ് അപകടത്തിന് കാരണമായതെന്ന് കുടുംബം ആരോപിക്കുന്നു.

മെഹജയുടെ കൈകൾക്കും കാലുകൾക്കും വയറിനുമാണ് പൊള്ളലേറ്റിരിക്കുന്നത്. തീ ആളിക്കത്തിയതിനെ തുടർന്ന് ഇവരുടെ കൺപീലിയും മുടിയും ഉൾപ്പെടെ കരിഞ്ഞുപോയിട്ടുണ്ട്.

ജൂലൈ മൂന്നിനാണ് മൂവാറ്റുപുഴ വെള്ളൂർക്കുന്നത്ത് പ്രവർത്തിക്കുന്ന സൂപ്പർ ഗ്യാസ് ഏജൻസിയിൽ നിന്ന് 12 കിലോയുടെ സിലിണ്ടർ ഇവർ വാങ്ങുന്നത്. സിലിണ്ടറും റെഗുലേറ്ററും ബന്ധിപ്പിക്കുന്ന ഭാഗത്ത് അന്നു മുതലേ വാതക ചോർച്ചയുണ്ടായിരുന്നു.ഇതിനെ കുറിച്ച് അഞ്ചു തവണ ഏജൻസിയിൽ പരാതി നൽകിയെങ്കിലും സ്ഥലത്തെത്തിയ ടെക്നീഷൻ പരിശോധന നടത്തി സിലിണ്ടർ ഉപയോഗിക്കാൻ അനുമതി നൽകുകയായിരുന്നു. എന്നാൽ ചോർച്ച തുടർന്നതോടെ ഏജൻസി ജീവനക്കാരെത്തി പുതിയ റെഗുലേറ്റർ മാറ്റി സ്ഥാപിച്ചു. ഇക്കഴിഞ്ഞ 21ാം തീയതി പുതിയ റെഗുലേറ്റർ സ്ഥാപിച്ചതിന് പിന്നാലെ സ്റ്റൗ കത്തിക്കാൻ ശ്രമിച്ചപ്പോഴാണ് വൻ അപകടമുണ്ടായത്.

തീ കൊളുത്തിയ ഉടൻ വലിയ ശബ്ദത്തോടെ തീ ആളിക്കത്തുകയായിരുന്നു. അപകടസമയത്ത് കുട്ടികളടക്കം ഒമ്പത് അംഗങ്ങൾ വീട്ടിലുണ്ടായിരുന്നു. സിലിണ്ടറും റെഗുലേറ്ററും വീടിന് പുറത്ത് സ്ഥാപിച്ചിരുന്നതിനാലും മെഹജയുടെ ഭർത്താവ് സമയോചിതമായി ഇടപെട്ട് റെഗുലേറ്ററും പൈപ്പും വേർപെടുത്തി ഗ്യാസ് ബന്ധം വിച്ഛേദിച്ചതിനാലും മാത്രമാണ് വൻ ദുരന്തം ഒഴിവായത്. അപകടം നടന്നയുടൻ പരാതിപ്പെട്ടപ്പോൾ വീട്ടിലെത്തിയ വിതരണക്കാർ തെറ്റ് സമ്മതിച്ച് ക്ഷമാപണം നടത്തിയിരുന്നു.

എന്നാൽ പിന്നീട് മൂവാറ്റുപുഴ പൊലിസ് സ്റ്റേഷനിൽ വച്ച് ഇവർ ആരോപണങ്ങൾ പൂർണമായി നിഷേധിക്കുകയാണുണ്ടായതെന്ന് കുടുംബം ആരോപിക്കുന്നു. പൊലിസിന്റെ ഭാഗത്തു നിന്നും നീതിപൂർവ്വമായ ഇടപെടൽ ഉണ്ടായില്ലെന്നും ഇവർ കുറ്റപ്പെടുത്തുന്നു. അതേസമയം, തങ്ങളുടെ ഭാഗത്തു നിന്ന് വീഴ്ചയൊന്നും ഉണ്ടായിട്ടില്ലെന്നും ഗ്യാസ് സിലിണ്ടറിനോ റെഗുലേറ്ററിനോ തീപിടിച്ചിട്ടില്ലെന്നുമാണ് ഏജൻസി അധികൃതരുടെ വാദം.

തങ്ങൾക്ക് നേരിട്ടതു പോലെയുള്ള അനീതിയും ദുരനുഭവവും മറ്റാർക്കും ഉണ്ടാകാതിരിക്കാന ഏജൻസികളുടെ ഇത്തരം അനാസ്ഥകൾക്കെതിരെ ജാഗ്രത ഉറപ്പാക്കാനുമായി നിയമനടപടികളുമായി മുന്നോട്ടുപോകാനാണ് കുടുംബത്തിന്റെ തീരുമാനം. സംഭവത്തിൽ ഉപഭോക്തൃ കോടതിയെ സമീപിക്കുമെന്നും അഗ്നിശമനസേനയുടെ വിദഗ്ധ നിർദേശങ്ങൾ സ്വീകരിച്ച് തുടർനടപടികൾ കൈക്കൊള്ളുമെന്നും കുടുംബം വ്യക്തമാക്കി.

# സനാതനമ ധർമം സ്വീകരിക്കാനൊരുങ്ങി മുത്തലാഖ് കേസ് വാദിച്ച അഭിഭാഷക നസിയ ഇലാഹി

ന്യൂഡൽഹി: ചരിത്രപ്രസിദ്ധമായ മുത്തലാഖ് കേസിൽ ഹർജിക്കാരിയായിരുന്ന ഇഷ്രത്ത് ജഹാനുവേണ്ടി വാദിച്ച സുപ്രീംകോടതി അഭിഭാഷകയും ബിജെപി നേതാവുമായ നസിയ ഇലാഹി ഖാൻ താൻ സനാതന ധർമം സ്വീകരിക്കുകയാണെന്ന് പ്രഖ്യാപിച്ചു. പശ്ചിമ ബംഗാൾ സ്വദേശിയായ നസിയയുടെ ഈ തീരുമാനം സോഷ്യൽ മീഡിയയിലും രാഷ്ട്രീയ വൃത്തങ്ങളിലും വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്.

2017ൽ മുസ്‌ലിം സമുദായത്തിലെ മുത്തലാഖ് സമ്പ്രദായത്തെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ച പ്രധാന ഹർജിക്കാരികളിൽ ഒരാളായ ഇഷ്രത്ത് ജഹാനുവേണ്ടി വാദിച്ചതിലൂടെയാണ് നസിയ ദേശീയ ശ്രദ്ധ നേടിയത്. തുടർന്ന് 2018ൽ അവർ ബിജെപിയിൽ ചേരുകയും ന്യൂനപക്ഷ മോർച്ചയുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തു. അടുത്തിടെ മധ്യപ്രദേശിലെ ഉജ്ജൈനിലുള്ള രാം ഘട്ടിൽ വെച്ച് സർവ്വ പിതൃ അമാവാസി ദിനത്തിൽ അവർ പരമ്പരാഗത ഹൈന്ദവ ആചാരപ്രകാരമുള്ള ശ്രദ്ധ, തർപ്പണ ചടങ്ങുകൾ നടത്തിയതിൻറെ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. തൻറെ പൂർവികരോടുള്ള കൃതജ്ഞതയുടെ ഭാഗമായാണ് ഈ ചടങ്ങുകൾ നടത്തിയതെന്നും അവർ വ്യക്തമാക്കി. തൻറെ പൂർവികരുടെ യഥാർഥ ചരിത്രം അംഗീകരിക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഈ തീരുമാനമെന്നും അവർ കൂട്ടിച്ചേർത്തു. ഉത്തർപ്രദേശിലെ ലോണിയിൽ നിന്നുള്ള ബിജെപി എംഎൽഎ നന്ദ് കിഷോർ ഗുർജർ തനിക്കൊരു പിതാവിനെപ്പോലെയാണെന്ന് വിശേഷിപ്പിച്ച നസിയ, തനിക്ക് സ്വന്തം ഗോത്രം നൽകാൻ അദ്ദേഹം സന്നദ്ധനാണെന്നും മാധ്യമങ്ങളോട് പറഞ്ഞു. ഈ പ്രഖ്യാപനം സാമൂഹിക മാധ്യമങ്ങളിൽ ഘർ വാപ്പസി ചർച്ചകൾക്ക് തുടക്കമിട്ടുണ്ട്.

# പ്ലസ് വൺ വിദ്യാർഥിയുടെ കൊലപാതകം: രക്ഷപ്പെടാൻ ശ്രമിച്ച പ്രതി പൊലിസ് വെടിവയ്പ്പിൽ മരിച്ചു

കോൽക്കത്ത: പശ്ചിമ ബംഗാളിലെ ഉത്തര 24 പർഗാനാസ് ജില്ലയിൽ 17 കാരിയായ പ്ലസ് വൺ വിദ്യാർഥിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ പ്രതി പൊലിസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. പ്രഹ്ളാദ് ദാസ് (23) എന്ന യുവാവാണ് ചൊവ്വാഴ്ച പുലർച്ചെ കൊല്ലപ്പെട്ടത്.ബോൺഗാവിൽ തെളിവെടുപ്പിനിടെയാണ് സംഭവം. പുലർച്ചെ മൂന്നിനു പൊലിസ് ഉദ്യോഗസ്ഥരുടെ പക്കൽ നിന്ന് തോക്ക് തട്ടിയെടുത്ത പ്രതി പൊലിസിന് നേരെ വെടിയുതിർക്കുകയും രക്ഷപ്പെടാൻ വേണ്ടി അടുത്തുള്ള കുളത്തിലേക്ക് ചാടുകയുമായിരുന്നു. തുടർന്ന് സ്വയരക്ഷയ്ക്കായി പൊലിസ് തിരിച്ച് വെടിയുതിർത്തു. ഗുരുതരമായി പരിക്കേറ്റ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.ഞായറാഴ്ച രാവിലെ ഗായ്ഘട്ടയിൽ നിന്നാണ് പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. ശനിയാഴ്ച രാത്രി നടന്ന സംഗീത പരിപാടിയിൽ പങ്കെടുക്കാൻ പോയ പെൺകുട്ടിയെ കാണാതാവുകയായിരുന്നു. തുടർന്ന് നടത്തിയ തെരച്ചിലിലാണ് ഒരു ബന്ധുവിൻറെ വീടിൻറെ സമീപത്ത് മൃതദേഹം കണ്ടെത്തിയത്. തലയിലും മുഖത്തും ഉൾപ്പെടെ ശരീരത്തിൽ ഗുരുതരമായ പരിക്കുകൾ ഉണ്ടായിരുന്നു.തുടർന്ന് കുടുംബാംഗങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ഗായ്ഘട്ട ഷിമുൽപൂർ സ്വദേശി പ്രഹ്ളാദ് ദാസിനെ പൊലിസ് അറസ്റ്റ് ചെയ്തത്. സംഭവത്തെ തുടർന്ന് പ്രദേശത്ത് വലിയ രീതിയിൽ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു.

# അരുണാചൽ പ്രദേശിൽ ചൈനീസ് സൈന്യം 50 കിലോമീറ്റർ ഉള്ളിലേക്ക് കടന്നുകയറിയതായി കോൺഗ്രസ് അധ്യക്ഷൻ ബോസിറാം സിറാം

ഗുവഹാത്തി: അരുണാചൽ പ്രദേശിൽ ചൈനീസ് പീപ്പിൾസ് ലിബറേഷൻ ആർമി ഇന്ത്യൻ അതിർത്തിക്കുള്ളിലേക്ക് 40 മുതൽ 50 കിലോമീറ്റർ വരെ കടന്നുകയറിയിട്ടുണ്ടെന്ന് അരുണാചൽ പ്രദേശ് കോൺഗ്രസ് അധ്യക്ഷനും മുൻ വിദ്യാഭ്യാസ മന്ത്രിയുമായ ബോസിറാം സിറാം ആരോപിച്ചു. ചൈനീസ് സൈന്യം തന്ത്രപ്രധാനമായ പ്രദേശങ്ങളും ഉയരമുള്ള മലനിരകളും ഇതിനകം കൈയടക്കിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

അസാഫില ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ചൈനയുടെ നിയന്ത്രണത്തിലായെന്നും ഓൺലൈൻ മാപ്പുകളിൽ നിന്ന് പോലും ഈ പ്രദേശങ്ങൾ അപ്രത്യക്ഷമായിട്ടുണ്ടെന്നും കോൺഗ്രസ് നേതാക്കൾ ആരോപിച്ചു. അരുണാചൽ കോൺഗ്രസ് വർക്കിംഗ് പ്രസിഡൻറും മുൻ ആഭ്യന്തര മന്ത്രിയുമായ തങ്ക ബയാലിംഗ്, അപ്പർ സുബാൻസിരി എംപി ജരോടും ക്രി എന്നിവരും ബോസിറാം സിറാമിനൊപ്പമുണ്ടായിരുന്നു.മലനിരകളുടെ മുകളിൽ ചൈനീസ് സൈനികർ നിലയുറപ്പിച്ചിരിക്കുകയാണെന്നും ഇന്ത്യൻ സൈന്യത്തിന് താഴെയാണ് നിലയുറപ്പിക്കേണ്ടി വന്നിട്ടുള്ളതെന്നും അവർ ചൂണ്ടിക്കാണിച്ചു. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു.

# ഗർഭിണിയായ മാധ്യമപ്രവർത്തകയെ മർദിച്ചെന്ന പരാതി: രാഹുൽ ഗാന്ധിക്ക് സുപ്രീംകോടതി നോട്ടീസ്

ന്യൂഡൽഹി: ഒക്ടോബർ 12 ന് സുപ്രീം കോടതി വളപ്പിൽ നടന്ന പ്രതിപക്ഷ പ്രതിഷേധ മാർച്ചിനിടെ തനിക്കെതിരെ ആക്രമണമുണ്ടായെന്ന് ആരോപിച്ച് മൂന്ന് മാസം ഗർഭിണിയായ മാധ്യമ പ്രവർത്തക നൽകിയ ഹർജിയിൽ സുപ്രീംകോടതി നോട്ടീസ് അയച്ചു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ളവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ നിർദേശിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ച് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയക്കാൻ ഉത്തരവിട്ടത്.

ഒക്ടോബർ 12ന് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ 'ഇന്ത്യ' സഖ്യം ഹർജി നൽകാനായി സുപ്രീംകോടതിയിലെത്തിയ സമയത്താണ് സംഭവം. 11 ആഴ്ചയിലധികം ഗർഭിണിയായിരുന്ന തന്നോട് യാതൊരു പരിഗണനയും കാണിക്കാതെ രാഹുൽ ഗാന്ധി ബലമായി തള്ളി മാറ്റിയെന്നും, തുടർന്ന് നിലത്തുവീണ് കൈകൾക്ക് പരിക്കേറ്റെന്നുമാണ് മാധ്യമപ്രവർത്തകയുടെ പരാതി. സംഭവത്തെ തുടർന്ന് വയറുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് സർ ഗംഗാറാം ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ പ്രവേശിപ്പിച്ചു. പരസ്യമായി ആക്രമിക്കപ്പെട്ടതും ഉദരത്തിലുള്ള കുഞ്ഞിൻറെ സുരക്ഷയെക്കുറിച്ചുള്ള ഭയവും കടുത്ത മാനസികവും ശാരീരികവുമായ ആഘാതമുണ്ടാക്കിയതായി ഹർജിയിൽ പറയുന്നു.ന്യൂഡൽഹി ഡിസിപിക്ക് പരാതി നൽകിയിട്ടും ഇതുവരെ രാഹുൽ ഗാന്ധിക്കെതിരെ പൊലിസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും, ഈ സംഭവത്തെ കോൺഗ്രസ് രാഷ്ട്രീയ പ്രചാരണമായി ചിത്രീകരിക്കാൻ ശ്രമിച്ചുവെന്നും ഹർജിക്കാരി കുറ്റപ്പെടുത്തുന്നു. സംഭവത്തിൽ ഉടൻ എഫ്ഐആർ രജിസ്റ്റർ ചെയ്യുക, സുപ്രീംകോടതിയിലെ സിസിടിവി ദൃശ്യങ്ങൾ സംരക്ഷിക്കുക, രാഹുൽ ഗാന്ധിയും കോൺഗ്രസും നിരുപാധികം മാപ്പ് പറയുക, മാധ്യമപ്രവർത്തകയ്ക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് ഹർജിയിൽ ഉന്നയിച്ചിട്ടുള്ളത്.

# 'എത്ര സൂത്രം കാണിച്ചാലും സത്യം പുറത്തു വരും': പിഎസ്‌സിക്കെതിരെ വിമർശനം ആവർത്തിച്ച് ഹൈക്കോടതി

കൊച്ചി: ക്രൈംബ്രാഞ്ച് അന്വേഷണത്തിനെതിരായ പിഎസ്‌സിയുടെ ഹർജി നവംബർ രണ്ടിന് പരിഗണിക്കാനായി ഹൈക്കോടതി മാറ്റി. ഹർജി പരിഗണിക്കവെ സർക്കാറിനും പിഎസ്‌സിക്കുമെതിരെ ജസ്റ്റിസ് എ. ബദറുദീൻ വിമർശനം ആവർത്തിച്ചു. എത്ര സൂത്രം കാണിച്ചാലും സത്യം പുറത്തു വരുമെന്ന് കോടതി വ്യക്തമാക്കി.മമ്മൂട്ടി ചിത്രം ഒരു സിബിഐ ഡയറിക്കുറിപ്പ് സിനിമയിലെ കഥാപാത്രങ്ങളെയടക്കം ഓർമപ്പെടുത്തിയായിരുന്നു കോടതിയുടെ വിമർശനം.കേസിൽ പിഎസ്സി രണ്ട് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തുവെന്നും അന്വേഷണം ഊർജിതമായി മുന്നോട്ട് പോവുകയാണെന്നും സർക്കാരിന് വേണ്ടി ഹാജരായ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി. ആസിഫ് അലി കോടതിയെ അറിയിച്ചു.പിഎസ്സി നടപടി ആരംഭിക്കുകയും രണ്ട് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ എഫ്ഐആർ റദ്ദാക്കണമെന്ന ആവശ്യം നിയമപരമായി നിലനിൽക്കില്ലെന്നും അദ്ദേഹം കോടതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ ആയിരുന്നു ജസ്റ്റിസ് എ. ബദറുദീന്റെ വിമർശനം.സിബിഐ ഡയറിക്കുറിപ്പ് സിനിമയിലെ മമ്മൂട്ടിയും തിലകനും തമ്മിലുള്ള സംഭാഷണം പരാമർശിച്ചായിരുന്നു വിമർശനം. കൂടാതെ മങ്ങാട്ടച്ചനും കുഞ്ഞാലി മുസ്ലിയാരും തമ്മിലുള്ള കഥയും കോടതി പരാമർശിച്ചു. പിഎസ്‌സിക്കെതിരെ ആദ്യം കോടതിയെ സമീപിച്ച ഉദ്യോഗാർഥി ജയലാലിന് ഒബ്ജെക്ഷൻ ഫയൽ ചെയ്യാനുള്ള സമയം നൽകിയാണ് ഹർജി നവംബർ രണ്ടിന് പരിഗണിക്കാനായി മാറ്റിയത്.

# വോട്ട് ചോരിക്കെതിരെ കോൺഗ്രസിൻെറ 'വോട്ട് ബച്ചാവോ' റാലി; തെലങ്കാനയിൽ നവംബർ രണ്ടിന് അമിത് ഷായുടെ പദയാത്ര

ന്യൂഡൽഹി: രാജ്യത്ത് വ്യാപകമായ തോതിൽ വോട്ട് തിരിമറി നടക്കുന്നുവെന്നും പൗരന്മാരുടെ വോട്ടവകാശം ഹനിക്കപ്പെടുന്നുവെന്നും ആരോപിച്ച് ഡൽഹിയിലെ ചരിത്രപ്രസിദ്ധമായ രാംലീലാ മൈതാനത്ത് നവംബർ ഒന്നിന് കോൺഗ്രസ് 'വോട്ട് ബച്ചാവോ, ദേശ് ബച്ചാവോ' മെഗാ റാലി സംഘടിപ്പിക്കും.കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് തിങ്കളാഴ്ച ഈ വിവരം പുറത്തുവിട്ടത്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ സർക്കാരിൻറെ താത്പര്യങ്ങൾക്ക് അനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും, വോട്ടർ പട്ടികയിലെ പ്രത്യേക തീവ്ര പരിഷ്കരണം ഉടൻ നിർത്തിവെക്കണമെന്നും പാർട്ടി ആവശ്യപ്പെടുന്നു. അതേസമയം, വോട്ടർ പട്ടിക പുനരവലോകനവുമായി ബന്ധപ്പെട്ട് കോൺഗ്രസ് വ്യാജ പ്രചാരണങ്ങളും അരാജകത്വവുമാണ് ഉണ്ടാക്കുന്നതെന്ന് കുറ്റപ്പെടുത്തി ബിജെപി രംഗത്തെത്തി. ഇതിനെ പ്രതിരോധിക്കാനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നവംബർ രണ്ടിന് തെലങ്കാനയിൽ ബിജെപിയുടെ പദയാത്രയ്ക്ക് നേതൃത്വം നൽകുമെന്ന് തെലങ്കാന ബിജെപി അധ്യക്ഷൻ എൻ. രാംചന്ദർ റാവു അറിയിച്ചു.

# പിറന്നാളാഘോഷത്തിനിടെ തർക്കം; യുവാവിനെ കൊലപ്പെടുത്തിയ നാല് വിദ്യാർഥികൾ പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ സിരാസ്പൂരിൽ പിറന്നാളാഘോഷത്തിനിടെയുണ്ടായ തർക്കത്തെത്തുടർന്ന് യുവാവിനെ കുത്തിക്കൊന്നു. സംഭവവുമായി ബന്ധപ്പെട്ട് നാല് പ്രായപൂർത്തിയാകാത്തവരെ പൊലിസ് കസ്റ്റഡിയിലെടുത്തു.

ഒക്ടോബർ 23നു രാത്രിയിലാണ് സിരാസ്പൂരിലെ ജീവൻ പാർക്കിന് സമീപം ഒരു യുവാവിന് കുത്തേറ്റതായി പൊലിസിന് വിവരം ലഭിക്കുന്നത്. തുടർന്ന് പൊലിസ് സ്ഥലത്തെത്തിയാണ് പരിക്കേറ്റ യുവാവിനെ ആശുപത്രിയിൽ എത്തിച്ചത്.

ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ യുവാവിൻറെ നെഞ്ചിലും വയറിലും നിരവധി കുത്തേറ്റതായി വ്യക്തമായി. ചികിത്സയിലിരിക്കെ യുവാവ് മരണത്തിന് കീഴടങ്ങി. സംഭവത്തിൽ കേസെടുത്ത പൊലിസ് അന്വേഷണം ആരംഭിച്ചു. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച പൊലിസ് നാല് പേരെ പിടികൂടുകയായിരുന്നു.ഏതാനും മാസങ്ങൾക്ക് മുമ്പ് നടന്ന പിറന്നാളാഘോഷത്തിനിടെയുണ്ടായ തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പ്രായപൂർത്തിയാകാത്ത പ്രതികൾ ചോദ്യം ചെയ്യലിൽ പൊലിസിനോട് സമ്മതിച്ചു. ആഘോഷത്തിനിടയിലേക്ക് കടന്നുവന്ന കൊല്ലപ്പെട്ട യുവാവും സുഹൃത്തുക്കളും തങ്ങളെ അപമാനിക്കുകയും അതിലൊരാളെ മർദിക്കുകയും ചെയ്തിരുന്നു. ഈ വിരോധം കാരണം പ്രതികാരം ചെയ്യാൻ പദ്ധതിയിട്ട ഇവർ, യുവാവിൻറെ ജോലികഴിഞ്ഞ് രാത്രി വൈകിയുള്ള മടക്കം ഉൾപ്പെടെയുള്ള ദിനചര്യകൾ നിരീക്ഷിച്ചുവരികയായിരുന്നു. തുടർന്ന് സംഭവം നടക്കുന്ന ദിവസം രാത്രി ഇവർ യുവാവിനെ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു.

പിടിയിലായ നാല് പേരും സ്കൂൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചവരാണെന്ന് പൊലിസ് വ്യക്തമാക്കി. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# ലഹരിക്കച്ചവടത്തിലൂടെ സമ്പാദിച്ചത് ലക്ഷങ്ങൾ; എംഡിഎംഎയും കഞ്ചാവുമായി യുവാവ് പിടിയിൽ

കൊച്ചി: എളമക്കരയിൽ വൻ ലഹരിവേട്ട. വിൽപ്പനയ്ക്കായി എത്തിച്ച എംഡിഎംഎയും കഞ്ചാവും ചരസും പിടികൂടി. എളമക്കര പൊലിസ് സ്റ്റേഷൻ പരിധിയിൽ പാറയിൽ റോഡിൽ താമസിക്കുന്ന ആൻസൺ ആൻറണിയുടെ വീട്ടിൽ നിന്നാണ് ലഹരി പിടികൂടിയത്.31 ഗ്രാം എംഡിഎംഎയും 10 ഗ്രാം കഞ്ചാവും 1.5 ഗ്രാം ചരസും ലഹരി കച്ചവടത്തിലൂടെ സമ്പാദിച്ച അഞ്ച് ലക്ഷം രൂപയും പൊലിസ് പിടികൂടി. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി നടന്ന പരിശോധനയിലാണ് ഇന്ന് പുലർച്ചെ ലഹരി പിടികൂടിയത്.

# ലീഗ് വൺ: പിഎസ്ജിക്ക് തകർപ്പൻ ജയം

പാരീസ്: ഫ്രഞ്ച് ലീഗ് വൺ ഫുട്ബോളിൽ പിഎസ്ജിക്ക് തകർപ്പൻ ജയം. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ഒളിംപിക് ലയോനെയ്സിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു.പിഎസ്ജിക്ക് വേണ്ടി സെന്നി മയൂളുവും മൈക ഗോഡ്സും ആണ് ഗോളുകൾ നേടിയത്. മയൂളു 72ാം മിനിറ്റിലും ഗോഡ്സ് 84ാം മിനിറ്റിലുമാണ് ഗോൾ സ്കോർ ചെയ്തത്.വിജയത്തോടെ പിഎസ്ജിക്ക് 17 പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ ഒന്നാം സ്ഥാനത്താണ് പിഎസ്ജി.